LIBRARY ARCHIVES Kerala Legislative Assembly

**അന്യസംസ്ഥാനതൊഴിലാളികളുടെ താമസസൗകര്യം**

**239 (2405)** ശ്രീ. എം. ഹംസ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലേബർ റസിഡന്റ് സെന്റർ സംബന്ധിച്ച കരട് നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**അന്യസംസ്ഥാനത്തൊഴിലാളികളുടെ പുനരധിവാസം**

**240 (2406)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികൾക്കായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ;

(ബി) അന്യസംസ്ഥാനത്തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ ഒരു ക്ഷേമ പദ്ധതി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകി വരികയും ചെയ്യുന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളെ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും ഉണ്ട്. ടി പദ്ധതി പ്രകാരം ചികിത്സാ ധനസഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കേ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ഗ്രാന്റ്, ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു

(ബി - ഡി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും സേവന-വേതന വ്യവസ്ഥകൾക്കുമായി ഒരു പുനരധിവാസ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്.

**അന്യസംസ്ഥാന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ**

**241 (2407)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികൾ ഏതൊക്കെ മേഖലകളിലാണ് തൊഴിലെടുക്കുന്നതെന്നും ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർമ്മാണ മേഖലയിലാണ് പ്രധാനമായും അന്യ സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നത്. 1948-ലെ മിനിമം വേതന നിയമപ്രകാരം ബന്ധപ്പെട്ട മേഖലകളിൽ നിശ്ചയിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ അന്യസംസ്ഥാന തൊഴിലാളികൾക്കും ബാധകമാണ്. കൂടാതെ 1975-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് താമസസൗകര്യം, കുറഞ്ഞ നിരക്കിൽ ഭക്ഷണം, യാത്രാച്ചെലവ് എന്നിവ നൽകുന്നതിനും വ്യവസ്ഥ ഉണ്ട്.

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഇവർക്ക് നിയമം അനുശാസിക്കുന്ന കുറഞ്ഞ കൂലി, പേയ്മെന്റ് ഓഫ് വേജസ് ആക്ട് തുടങ്ങിയ നിയമങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly